# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം: വി. എൻ. ജിതേന്ദ്രൻ.)

ഉത്തരവ് നമ്പർ. ഇ.9/11000/14

തിരുവനന്തപുരം
തീയതി 25-09-2014

---

വിഷയം- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ്2/ ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ്2/ സോഷ്യൽ സയന്റിസ്റ്റ്/ സ്റ്റോർ കീപ്പർ -കം- ലോജിസ്റ്റിക് ആഫീസർ/ സൂപ്പർവൈസർ വി.റ്റി.സി. തസ്തികയിലെ ജീവനക്കാരുടെ 30-06-2014 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധ പ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. ജി. ഒ.(പി) നമ്പർ 23/2010/ സാ.ക്ഷേ.വ തീയതി 30-03-2010.
2. ജി. ഒ.(പി) നമ്പർ 77/2012/ സാ.നീ.വ തീയതി 27-12-2012.
3. ജി. ഒ.(പി) നമ്പർ 54/2010/ സാ.ക്ഷേ.വ തീയതി 10-08-2010
4. ജി. ഒ.(പി) നമ്പർ 78/2012/ സാ.നീ.വ തീയതി 27-12-2012.
5. സാമൂഹ്യ നീതി ഡയറക്ടറുടെ 16.05.2014 ലെ ഇ.9/6474/14 നമ്പർ നടപടിക്രമങ്ങൾ.
6. സാമൂഹ്യ നീതി ഡയറക്ടറുടെ 15.05.2014 ലെ ഇ.9/6500/14 നമ്പർ നടപടിക്രമങ്ങൾ.
7. സാമൂഹ്യ നീതി ഡയറക്ടറുടെ 22.07.2014 ലെ ഇ.9/11000/14 നമ്പർ നടപടിക്രമങ്ങൾ. (കരട് സീനിയോറിറ്റി ലിസ്റ്റ്)
8. എറണാകുളം മേഖലാ അസ്സിസ്റ്റന്റ് ഡയറക്ടറുടെ 02-08-2014 ലെ ആർ. ഇ.1/322/14 നമ്പർ കത്ത്
9. കോഴിക്കോട് വി.ടി.സി സൂപ്പർവൈസർ ശ്രീ. എസ്സ്. ജയന്റെ 04-08-2014 ലെ അപേക്ഷ.
10. സോഷ്യൽ സയന്റിസ്റ്റ് ശ്രീ. അശോകൻ സമർപ്പിച്ച 28-08-2014 ലെ അപേക്ഷ.

പരാമർശം ഒന്ന് പ്രകാരം സാമൂഹ്യനീതി വകുപ്പിൽ നിലവിൽ വന്ന കേരളാ സോഷ്യൽ വെൽഫെയർ സർവ്വീസ് വിശേഷാൽ ചട്ടം കാറ്റഗറി. (8) ൽ ഉൾപ്പെട്ടിട്ടുള്ള ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-1/ ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ്-1/ ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ്-1/ റീജിയണൽ ഡൗറി പ്രൊഹിബിഷൻ ആഫീസർ എന്നീ തസ്തികകളുടെ സ്ഥാനക്കയറ്റം പരാമർശം 3,4 പ്രകാരമുള്ള കേരളാ സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ ഉൾപ്പെട്ട കാറ്റഗറി നമ്പർ 5 ൽപ്പെടുന്ന ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2 (ഫീഡർ കാറ്റഗറി ഐറ്റം നം. (i)), കേരളാ മിനിസ്റ്റീരിയൽ

സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ ജൂനിയർ സൂപ്രണ്ട് (ഫീഡർ കാറ്റഗറി ഐറ്റം നം. (viii)), കേരളാ സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ്2 (ഐറ്റം-ii), ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ്2 (ഐറ്റം-iii), സോഷ്യൽ സയന്റിസ്റ്റ് (ഐറ്റം-iv), സോഷ്യോളജിസ്റ്റ് (ഐറ്റം-V), സ്റ്റോർ കീപ്പർ കം ലോജിസ്റ്റിക് ആഫീസർ (ഐറ്റം-vi), സൂപ്പർവൈസർ. വി.റ്റി.സി. (ഐറ്റം-vii) എന്നീ വിഭാഗങ്ങളിൽ നിന്നും 1: 1: 1 എന്ന അനുപാതത്തിലും മേൽ പരാമർശിട്ടുള്ള മുൻഗണനാക്രമത്തിലും സ്ഥാനക്കയറ്റം നിഷ്കർഷിച്ചിരുന്നു. എന്നാൽ പരാമർശം (2) ലെ ഭേദഗതി ഉത്തരവ് പ്രകാരം ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-1/ ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ്-1/ ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ്-1/ റീജിയണൽ ഡൗറി പ്രൊഹിബിഷൻ ആഫീസർ എന്നീ തസ്തികകളുടെ സ്ഥാനക്കയറ്റം 1:1:1 എന്നുള്ളത് 1: 2: 1 എന്ന അനുപാതത്തിൽ ഭേദഗതി വരുത്തുകയുണ്ടായി.

2. ഇപ്രകാരം ഒന്നാം വിഭാഗമായ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2 തസ്തികയിലെ ജീവനക്കാരുടെ 10.03.2014 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരാമർശം 5 പ്രകാരവും, രണ്ടാം വിഭാഗമായ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരുടെ കരട് സീനിയോറ്റി ലിസ്റ്റ് പരാമർശം 6 പ്രകാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതേ തുടർന്ന് മൂന്നാം വിഭാഗമായ ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ്2/ ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ്2/സോഷ്യൽ സയന്റിസ്റ്റ്/ സ്റ്റോർ കീപ്പർ കം ലോജിസ്റ്റിക് ആഫീസർ/ സൂപ്പർവൈസർ വി.റ്റി.സി. എന്നീ തസ്തികകളുടെ നിയമന ഉത്തരവ് തീയതിയുടെ അടിസ്ഥാനത്തിൽ 30.06.2014 വരെയുള്ള സംയോജിത കരട് സീനിയോറിറ്റി ലിസ്റ്റ് പരാമർശം (7) പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. ഇത് സംബന്ധിച്ച് എന്തെങ്കിലു ആക്ഷേപങ്ങളോ, പരാതികളോ ഉണ്ടെങ്കിൽ ആയത് ഉത്തരവ് തീയതി മുതൽ 45 ദിവസത്തിനുള്ളിൽ രേഖാമൂലം ഈ കാര്യാലയത്തിൽ സമർപ്പിക്കുവാനും നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് പരാമർശം 8,9,10 പ്രകാരം ശ്രീ. ജോൺജോഷി, ശ്രീ. എസ്സ്. ജയൻ, ശ്രീ. കെ. അശോകൻ എന്നീ ജീവനക്കാർ ആക്ഷേപങ്ങളും പരാതികളും സമർപ്പിച്ചു. ആയത് പരിശോധിച്ചതിൽ കരട് സീനിയോറിറ്റി ലിസ്റ്റിലെ ക്രമ. നമ്പർ-3 ലെ പേര്കാരനായ ശ്രീ. കെ.ജെ. ജോൺജോഷിയുടെ അസൈൻമെന്റ് തീയതിയനുസരിച്ച് ടിയാന് 2-ാം പേര്കാരനായ ശ്രീ. കെ. അശോകന് നല്കപ്പെട്ട സ്ഥാനമാണ് നൽകേണ്ടതെന്ന് പരാതിപ്പെടുകയുണ്ടായി. ശ്രീ. കെ. അശോകന്റെ അസൈൻമെന്റ് തീയിതി കരട് സീനിയോറിറ്റി ലിസ്റ്റിൽ 23-12-2013 എന്നതിന് പകരം

06.11.2013 എന്നായിരുന്നു വരേണ്ടിയിരുന്നത് എന്ന് ശ്രീ. കെ. അശോകനും പരാതിപ്പെടുകയുണ്ടായി.

3. ശ്രീ. കെ. അശോകൻ,ശ്രീ. കെ.ജെ. ജോൺജോഷി എന്നിവരുടെ നിയമന ഉത്തരവ് തീയതി 06-11-2013 ആയതിനാലും, കൂടാതെ ജി.ഒ (പി.)നം. 23/2010 സാക്ഷേ.വ തീയതി. 30-03-2010 പ്രകാരമുള്ള കേരളാ സോഷ്യൽ വെൽഫെയർ സർവ്വീസ് വിശേഷാൽ ചട്ടങ്ങളിൽ കാറ്റഗറി. 8 ലെ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-1 തത്തുല്യ തസ്തികകളുടെ സ്ഥാനക്കയറ്റത്തിനുള്ള മൂന്നാം ഫീഡർ കാറ്റഗറിയിൽ ഐറ്റം നം.(ii – vii) ലെ മുൻഗണനാക്രമം പാലിച്ചിട്ടുള്ളതിനാലും ഒരേ രീതിയിൽ സ്ഥാനക്കയറ്റം ലഭിച്ച ശ്രീ. കെ. അശോകൻ, ശ്രീ. കെ.ജെ. ജോൺ ജോഷിയുടെ സീനിയോറിറ്റി മറികടന്നിട്ടില്ലാത്തതിനാലും ശ്രീ. കെ.ജെ. ജോൺ ജോഷിയുടെ സീനിയോറിറ്റി പുനർ നിർണ്ണയിക്കുവാൻ നിർവ്വാഹമില്ല. ഈ സാഹചര്യത്തിൽ ശ്രീ. ജോൺ ജോഷിയുടെ പരാതി പരിഗണനാർഹമല്ല. ശ്രീ. കെ. അശോകന്റെ പരാതി പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ അസൈൻമെന്റ് തീയതി 23.12.2013 എന്നതിന് പകരം 06.11.2013 എന്ന് ഫൈനൽ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാകുന്നു.

4. കരട് സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം. 5 ലെ ശ്രീ. എസ്സ് ജയന് ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേക്ക് തിരികെപ്പോകണമെന്നതാണ് ആവശ്യം. എന്നാൽ ടിയാന് ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ ഇതിനകം സീനിയോറിറ്റി നിർണ്ണയിക്കുകയും അത് പ്രകാരം സുപ്പർവൈസർ, വി.റ്റി.സി തസ്തികയിൽ സ്ഥാനക്കയറ്റം അനുവദിക്കുകയും ചെയ്ത സാഹചര്യത്തിൽ ടിയാന്റെ ആവശ്യവും പരിഗണിക്കാൻ നിർവ്വാഹമില്ല.

5. മേൽ സാഹചര്യത്തിൽ പരാമർശം (7) പ്രകാരം പ്രസിദ്ധീകരിച്ച ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ്2/ ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ്-2/സോഷ്യൽ സയന്റിസ്റ്റ്/ സ്റ്റോർ കീപ്പർ കം ലോജിസ്റ്റിക് ആഫീസർ/ സൂപ്പർവൈസർ വി.റ്റി.സി. എന്നീ തസ്തികകളുടെ കരട് സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി അംഗീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്
പകർപ്പ്:

ബന്ധപ്പെട്ട കാര്യാലയമേധാവികൾക്ക്.
വെബ്സൈറ്റ്പ്രസിദ്ധീകരണത്തിന്

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്

സാമൂഹ്യനീതി വകുപ്പിൽ ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ്2/ ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ്2/ സോഷ്യൽ സയന്റിസ്റ്റ്/ സ്റ്റോർ കീപ്പർ കം ലോജിസ്റ്റിക് ആഫീസർ/സൂപ്പർവൈസർ. വി.റ്റി.സി. തസ്തികയിലെ 30-06-2014 വരെയുള്ള ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ്:

(GO(P) No. 23/2010 SWD dated 30-03-2010 and GO(P) No.77/2012 SWD dated 27-12-2012 ന്റെ കാറ്റഗറി 8 ൽ ഐറ്റം- ii മുതൽ vii വരെയുള്ള ഫീഡർ കാറ്റഗറിയിൽ ഉൾപ്പെട്ട ജീവനക്കാർ)

(GO(P) No. 54/2010 SWD dated 10-08-2010 and GO(P) No.78/2012 SWD dated 27-12-2012 ന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി ഡയറക്ടറുടെ 25-09-2014 ലെ ഇ.9/11000/2014 നമ്പർ നടപടിക്രമങ്ങൾ)

| ക്രമനം. | ജീവനക്കാരുടെ പേര് | ജനനതീയതി | യോഗ്യത | | ഉദ്യോഗക്കയറ്റം അനുവദിച്ച ഉത്തരവ് നമ്പരും തീയതിയും | അസ്സൈൻമെന്റ് തീയതി | ഫീഡർ കാറ്റഗറി |
|---|---|---|---|---|---|---|---|
| | | | ജനറൽ | സ്പെഷ്യൽ | | | |
| 1. | ശ്രീ. ബി. മോഹനൻ ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ് മാസ്റ്റർ ഗ്രേഡ്-2 | 12-05-1968 | BA | MOP,Ac test (L) | E7/34571/2013 dt.27-09-2013 | 27-09-2013 | |
| 2. | ശ്രീ. കെ.അശോകൻ. സോഷ്യൽ സയന്റിസ്റ്റ് | 01-06-1968 | SSLC, Type E(L) | Ac (L) 6/99 | E7/34744/2013 dt.06-11-2013 | 06-11-2013 | |
| 3. | ശ്രീ. ജോൺ ജോഷി. സ്റ്റോർ കീപ്പർ കം ലോജിസ്റ്റിക് ആഫീസർ | 19-05-1971 | MA (Socio), MBA, PG Diploma | AC(L)12/95, (H) 12/97, KSPT | E7/34744/2013 dt.06-11-2013 | 06-11-2013 | |
| 4. | ശ്രീമതി. ബീനാ ജോർജ്ജ് സൂപ്പർവൈസർ . വി.റ്റി.സി | 31-05-1969 | BA (Socio), PG Diplo | MOP AC(L)06/96, (H) 12/96 | E7/23840/2014 dt.09-06-2014 | 09-06-2014 | |
| 5. | ശ്രീ. എസ്സ് ജയൻ സൂപ്പർവൈസർ . വി.റ്റി.സി | 01-02-1970 | BSc | MOP AC(L)12/96, | E7/23840/2014 dt.09-06-2014 | 09-06-2014 | |

സാമൂഹ്യനീതി ഡയറക്ടർ